## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.751 13.06.2012 ൽ മറുപടിയ്ക്ക്**

### മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിനുള്ള അനുമതി

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. സാജുപോൾ | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിനുള്ള സാമ്പത്തിക സാങ്കേതിക അനുമതിക്കായി കേന്ദ്ര ജലകമ്മീഷന് സംസ്ഥാനത്തിന്റെ അപേക്ഷ ലഭിച്ചിട്ടില്ലെന്നും ഇപ്പോഴുള്ള അണക്കെട്ടിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും കേന്ദ്ര ജലവിഭവ മന്ത്രി പാർലമെന്റിനെ അറിയിച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |

(ബി) സംസ്ഥാന സർക്കാർ പുതിയ അണക്കെട്ടിനായും നിലവിലുള്ള ഡാമിന്റെ സുരക്ഷയ്ക്കായും എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാ ക്കാമോ?

(ബി) സർവ്വെയും ഇൻവെസ്റ്റിഗേഷനും പൂർത്തീകരിച്ച് പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡാമിന്റെ രൂപകൽപ്പന പൂർത്തിയാക്കി ഡാമിന്റെ ഫീസിബിലിറ്റി റിപ്പോർട്ടും ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടും കേന്ദ്ര ഗവൺമെന്റിനും ഉന്നതാധികാര സമിതിക്കും സമർപ്പിച്ചു. പുതിയ ഡാമിന്റെ അഡീഷണൽ ഏരിയയുടെ പരിസ്ഥിതി ആഘാതപഠനം നടത്താനായി പ്രഗതി ലാബ്സ് & കൺസൽട്ടൻസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. പുതിയ ഡാമിന്റെ നിർമ്മാണ നിർവ്വഹണത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് രൂപം നൽകുന്നതിന് വിശദമായ പദ്ധതി നിർദ്ദേശം സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡാമിന്റെ സുരക്ഷക്കായി സുസജ്ജമായ പോലീസ് സേനയെ ഡാമിന്റെ പരിസരത്ത് വിന്യസിച്ചിട്ടുണ്ട്. കൂടാതെ ഫോറസ്റ്റ് ഗാർഡുകളുടേയും സേവനം പ്രയോജനപ്പെടുത്തി വരുന്നു.

സെക്ഷൻ ഓഫീസർ